## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2973** **18.06.2019 -ൽ മറുപടിയ്ക്ക്**

### അദ്ധ്യാപക പരിശീലന പരിപാടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) അദ്ധ്യാപക പരിശീലന പരിപാടികൾ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ? | എ) സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാ അദ്ധ്യാപകർക്കും പ്രാഥമിക പരിശീലനം ( ഇൻഡക്ഷൻ ട്രെയിനിംഗ്) നൽകുന്നുണ്ട്. ഡയറ്റുകളിൽ നിയമിതരായ 120 ഫാക്കൽറ്റികൾക്ക് എസ്. സി. ഇ. ആർ. ടി.യിൽ വച്ച് പരിശീലനം നൽകി അയ്യായിരത്തോളം അദ്ധ്യാപകർക്ക് വിവിധ 'ഡയറ്റ്'കൾ വഴിയും പരിശീലനം നൽകുന്നുണ്ട്. അദ്ധ്യാപക ശാക്തീകരണം നടപ്പിലാക്കുന്നതിന് ഓരോ വർഷവും എസ്.സി.ഇ.ആർ.ടി യുടെ സഹകരണത്തോടെ വിവിധ അദ്ധ്യാപക പരിശീലനങ്ങൾ നടത്തിവരുന്നുണ്ട്. നിരന്തര മൂല്യനിർണയ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ വർഷവും രണ്ട് ഘട്ടങ്ങളിലായി ക്ലസ്റ്റർ പരിശീലനങ്ങളും തുടർന്ന് സ്കൂൾതല മോണിറ്ററിങ്ങും നടത്തുന്നു. ഹയർ സെക്കന്ററി പ്രിൻസിപ്പാൾമാർക്ക് മൂന്നു ദിവസത്തെ റസിഡൻഷ്യൽ പരിശീലനം ലീഡർഷിപ്പ് എൻഹാൻസ്മെൻറ് പ്രോഗ്രാം നടത്തുന്നതിന് SIEMAT - നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വർഷാ വർഷങ്ങളിൽ ഗവ: / എയ്ഡഡ് മേഖലയിലെ 600 ലധികം പ്രിൻസിപ്പാൾമാർക്ക് ഇത്തരത്തിൽ പരിശീലനം ലഭിക്കുന്നുണ്ട്. ഹയർ സെക്കണ്ടറി അദ്ധ്യാപക ശാക്തീകരണത്തിനായി കോളേജ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഹയർ സെക്കൻഡറി അദ്ധ്യാപക പരിവർത്തനോന്മുഖ പരിപാടി (HSSTTP)' എന്ന 10 ദിവസത്തെ റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് വർഷാ വർഷം നൽകി വരുന്നു. വർഷത്തിൽ 1600 ലധികം അദ്ധ്യാപകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. |

2018-19 അദ്ധ്യയന വർഷത്തിൽ സീമാറ്റ് - കേരളയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് അഞ്ച് വർഷത്തിൽ കുറയാതെ സേവന കാലാവധി ബാക്കിയുള്ള എൽ.പി./യു.പി. പ്രഥമാദ്ധ്യാപകർക്കുള്ള ദ്വദിന ലെവൽ 1 കപ്പാസിറ്റി എൻഹാൻസ് മെന്റ് പ്രോഗ്രാം (CEP), ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർക്കുള്ള ത്രിദിന ലെവൽ 1 'കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം'(CEP), ഹയർസെക്കണ്ടറി വിഭാഗത്തിലെ പ്രിൻസിപ്പാൾമാർക്കുള്ള ത്രിദിന ലെവൽ 1 ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP)എന്നിവയും സംസ്ഥാനത്തെ വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിലെ മുഴുവൻ കരിയർ മാസ്റ്റർമാർക്കുമുള്ള ത്രിദിന 'കപ്പാസിറ്റി എൻഹാൻസ് മെന്റ് പ്രോഗ്രാമി'ന്റെ ലെവൽ 2 പരിശീലനവും നൽകിയിട്ടുണ്ട്.

അതോടൊപ്പം ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകർക്കും 2019 ഏപ്രിൽ, മെയ് മാസങ്ങളിൽ പ്രത്യേക ഐ. സി. ടി. പരിശീലനം ക്രമീകരിക്കുകയും ലോവർ പ്രൈമറി 45166, അപ്പർ പ്രൈമറി 36760, ഹൈസ്കൂൾ 26830, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 22761 അദ്ധ്യാപകർ പങ്കെടുക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ